**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷിയിലൂടെ ലക്ഷ്യമിടുന്ന ഉൽപ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തണ്ണീർ തടങ്ങളിലും തരിശ് പാടങ്ങളിലും മത്സ്യകൃഷി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 04.09.2024ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം വിവിധ ജില്ലകളിലെ നെൽകൃഷിചെയ്യാതെ തരിശായി കിടക്കുന്ന പാടശേഖരങ്ങൾ കണ്ടെത്തുന്നതിനായി കൃഷി ,ഫിഷറീസ്, തദ്ദേശസ്വയംഭരണ വകുപ്പുകളിലെ ഉദ്യോഗസ്ഥരും, ഗ്രാമപഞ്ചായത്ത് അധികൃതരും ചേർന്ന് സംയുക്ത സർവ്വെ നടത്തുകയും ആലപ്പുഴ, എറണാകുളം, തൃശ്ശൂർ മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ സർവ്വെ പ്രകാരം ആകെ 11968.3007 ഹെക്ടർ പാടശേഖരങ്ങൾ പരിശോധിച്ചതിൽ 2421.0683 ഹെക്ടർ മത്സ്യചെമ്മീൻ കൃഷിക്കും 4363.8464 ഹെക്ടർ ഒരു നെല്ലും ഒരു മീനും/ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതു പ്രകാരം വരും വർഷങ്ങളിൽ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |
| (ബി) | 2026-27 സാമ്പത്തിക വർഷം കൂടുതലായി എത്ര ഹെക്ടറിലാണ് മത്സ്യകൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2026-27സാമ്പത്തിക വർഷം 3000ഹെക്ടർ പ്രദേശത്ത് കൂടി മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |
| (സി) | വാണിജ്യ മൂല്യമേറിയ ഇനം മത്സ്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | 3000 വരെ ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. വാണിജ്യ മൂല്യമേറിയ വനാമി ചെമ്മീൻ, കാര ചെമ്മീൻ,കൊഞ്ച്, കരിമീൻ, കാളാഞ്ചി പോലുള്ള മത്സ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. |
| (ഡി) | 2030 വർഷത്തോടെ ഉൾനാടൻ മത്സ്യകൃഷിയിലൂടെ ലക്ഷ്യമിടുന്ന ഉൽപ്പാദനം എത്രയെന്ന് വിശദമാക്കാമോ? | (ഡി) | 2030 വർഷത്തോടെ ഉൾനാടൻ കൃഷിയിലൂടെ 1.5ലക്ഷം മെട്രിക് ടൺ ഉല്പാദനം ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ